# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./1724/ജി.പി .8/

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/11/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഴൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./1724/ജി.പി .8/ തീയ്യതി: 25/11/2021

## തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 23-10-2021 | 02-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2021 | 02-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സാബു.ജി.,ഓഡിറ്റ് ഓഫീസർ,
ശ്രീമതി ലേഖ.എം.എൽ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ. അൻവർ രാജ്.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ടി.ഇന്ദിര | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സലിൽ.എ).സോണി | സെക്രട്ടറി | 01-04-2019 | 01-07-2019 |
| ശ്രീ. രാജീവ്.ജി.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2019 | 14-07-2019 |
| ശ്രീ. ചന്ദ്രബാബു.എസ്.എസ്. | സെക്രട്ടറി | 15-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജീവ്.ജി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 21-07-2019 |
| ശ്രീ. ശ്രീകുമാർ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2019 | 31-03-2020 |
| ശ്രീമതി അനശ്വര | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സുനിൽ വിൽസൺ | വെറ്ററിനറി സർജൻ | 01-04-2019 | 14-02-2020 |
| ഡോ.അഭിലാഷ് | വെറ്ററിനറി സർജൻ | 15-02-2020 | 31-03-2020 |
| ഡോ.പദ്മപ്രസാദ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ.സുനിൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 02-06-2019 |
| ഡോ.ബിനു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03-06-2019 | 11-09-2019 |
| ഡോ.അശ്വതി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-09-2019 | 31-03-2020 |
| ഡോ.ശ്രീകാന്ത് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീ.നൗഫൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2019 | 31-03-2020 |
| ശ്രീ.മഹേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി ബ്രിന്ദ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04- | 31-03- |

| | | | |
|---|---|---|---|
| | | 2019 | 2020 |
| ശ്രീമതി ജയശ്രീ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി രാമസുധ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ശ്രീമതി രമ്യ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-07-2019 | 31-03-2020 |
| ശ്രീമതി ഷൈലജ | എച്ച്.എം. | 01-04-2019 | 10-09-2019 |
| ശ്രീ.ബൈജു | എച്ച്.എം. | 11-09-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha.M.L (Senior Grade Auditor, On 01-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lekha.M.L (Senior Grade Auditor, On 01-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Lekha.M.L (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Lekha.M.L (Senior Grade Auditor, On 02-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Sarath J Sankar (Auditor, On 02-11-2021)<br>Last Updated By: K Sreeja (Deputy Director, On 25-11-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Sarath J Sankar (Auditor, On 02-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Sabu G (Audit Officer, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ<br>Written By: Sabu G (Audit Officer, On 12-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-9 |
| 10 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 02-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-10 |
| 11 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു<br>Written By: Sarath J Sankar (Auditor, On 03-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-11 |
| 12 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 03-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-12 |
| 13 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 03-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-13 |
| 14 | ഹരിതഭവനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-14 |
| 15 | വാഴക്കൃഷി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-15 |
| 16 | ജാഗ്രത സമിതി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Sarath J Sankar (Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-16 |
| 17 | ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 05-11-2021) | 1-17 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 05-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-18 |
| 19 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: Sabu G (Audit Officer, On 05-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-19 |
| 20 | പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 05-11-2021)<br>Last Updated By: K Sreeja (Deputy Director, On 25-11-2021) | 1-20 |
| 21 | ഓഡിറ്റ് ഇംപാക്ട്- കേരളോൽസവം - മുൻകൂർ ക്രമീകരിക്കാതെ തുക നൽകി. ഓഡിറ്റ് നിർദ്ദേശാനുസരണം 5000/- രൂപ തിരികെ ഒടുക്കുവരുത്തി<br>Written By: Sabu G (Audit Officer, On 05-11-2021)<br>Last Updated By: K Sreeja (Deputy Director, On 25-11-2021) | 1-21 |
| 22 | പാഥേയം - അനുബന്ധ രേഖകൾ തൃപ്തികരമായി സൂക്ഷിക്കേണ്ടതാണ്.<br>Written By: Sabu G (Audit Officer, On 05-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-22 |
| 23 | റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Sabu G (Audit Officer, On 05-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-23 |
| 24 | എസ്റ്റിമേറ്റുകൾ പുതുക്കി നിർവ്വഹണം നടത്തുന്നു<br>Written By: Sabu G (Audit Officer, On 05-11-2021)<br>Last Updated By: K Sreeja (Deputy Director, On 25-11-2021) | 1-24 |
| 25 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 04-11-2021)<br>Last Updated By: K Sreeja (Deputy Director, On 25-11-2021) | 1-25 |
| 26 | ഹെഡ്മാസ്റ്റർ 9 പദ്ധതികളിൽ ഒരെണ്ണം മാത്രം നടപ്പാക്കി<br>Written By: Anwar Raj.M (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-26 |
| 27 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകുന്നതിനു താമസം<br>Written By: Anwar Raj.M (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-27 |
| 28 | പാലിയേറ്റീവ് കെയർ- അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-28 |
| 29 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് - ഹോം കോ യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-29 |
| 30 | ആർദ്രം- ചെലവ് രേഖകളിൽ കൃത്യത ഇല്ല<br>Written By: Anwar Raj.M (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-30 |
| 31 | കറവപ്പശു വളർത്തൽ - കരാറിന് വിരുദ്ധമായി കറവപ്പശുക്കളെ കൈമാറ്റം ചെയ്തു<br>Written By: Anwar Raj.M (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-31 |
| 32 | എ.ബി.സി. പ്രോഗ്രാം - അനുബന്ധ രേഖകൾ | 1-32 |

| | | |
|---|---|---|
| | ഹാജരാക്കിയിട്ടില്ല.2,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anwar Raj.M (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | |
| 33 | വെറ്റനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Anwar Raj.M (Senior Grade Auditor, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sabu G (Audit Officer, On 30-10-2021)<br>Last Updated By: Sabu G (Audit Officer, On 19-11-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Sabu G (Audit Officer, On 30-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 4-3 |
| 4 | വായ്പ/വായപാ തിരിച്ചടവ്<br>Written By: Sabu G (Audit Officer, On 02-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sabu G (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sabu G (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Sabu G (Audit Officer, On 02-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabu G (Audit Officer, On 04-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sabu G (Audit Officer, On 25-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-11-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ റിവൈസ്ഡ് ബജറ്റ് 24.03.2020 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 359072474/- രൂപ വരവും 352883791/-രൂപ ചെലവും നീക്കിയിരിപ്പ് 6188683/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 19.05.2020 | -- | -- |

വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ.

1. വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി കാലികമാക്കിയിട്ടില്ല. മുൻവർഷങ്ങളിലെ തുകയാണ് വാർഷിക ധനകാര്യപത്രിക B-14 ൽ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2. ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2019-20 ൽ കുടിശ്ശികയായ മറ്റു ചെലവുകൾക്കായി ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല. 2020 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ് , വാഹന ഇന്ധന ചെലവ് എന്നിവയ്ക്ക് 2020 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

3.ഗ്രാമപഞ്ചായത്തിലെ Fixed Asset- ളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(A) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. Depreciation Statement ഹാജരാക്കിയിട്ടില്ല.

4. പ്രോജക്ട് നം 41/21 ൽ കൃഷി ഓഫീസർ 42500/- രൂപ കേദാരം നെൽകൃഷി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.ആയത് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് ആയി രേഖപ്പെടുത്തിയിട്ടില്ല.

5. I-6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ തുകയും ഡി ബി റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പെൻഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
6. ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് നെഗറ്റീവ് ബാലൻസാണ്. തനതുവരുമാനം കുറവായതിനാൽ ഡിമാന്റിനനുസരിച്ച് പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്തതിനാൽ മുന്നിരിപ്പിൽ നിന്നും ചെലവ് ചെയ്യുവരുന്നു. അതിനാൽ അക്കൗണ്ട് നെഗറ്റീവ് ബാലൻസ് കാണിക്കുന്നു. വരുമാനം വർദ്ധിപ്പിച്ച് അപകത പരിഹരിക്കേണ്ടതാണ്.
7. കേദാരം നെൽകൃഷി വികസനം പദ്ധതിക്കായി 42500/രൂപ ചെലവഴിച്ചിട്ടുണ്ട്. സുലേഖ പത്രികയിൽ പ്രസ്തുത ചെലവ് വന്നിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം32, 29.10.21)മറുപടി ലഭ്യമാക്കിയെങ്കിലും അപാകതകൾ പരിഹരിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ (AFS) | 0 | 17186471 | 17186471 | 15316594 | 1869877 | 1173196 |
| വികസനഫണ്ട് ജനറൽ ( ഗ്രാന്റ് സ്റ്റേറ്റ്മെന്റ്) | 0 | 17186471 | 17186471 | 16890123 | 296348 | 0 |
| വികസനഫണ്ട് SCP( ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ) | 0 | 13334118 | 13334118 | 9317115 | 4017003 | 0 |
| വികസനഫണ്ട് SCP (AFS) | 0 | 13334118 | 13334118 | 9111233 | 4222885 | 168394 |
| മെയിന്റനൻസ്ഫണ്ട്-റോഡ് | 0 | 7152000 | 7152000 | 1894687 | 5257313 | 0 |
| മെയിന്റനൻസ്ഫണ്ട്-നോൺറോഡ് | 0 | 5391000 | 5391000 | 2077780 | 3313220 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് | 0 | 14340535 | 14340535 | 4661761 | 9678774 | 1328277 |

| | | | | | | |
|---|---|---|---|---|---|---|
| TSC | 2736029 | 0 | 2736029 | 295448 | 2440581 | 0 |
| NREGS | 3064 | 1394798 | 1397862 | 865776 | 532086 | 0 |
| ICDS | 803623 | 1042145 | 1845768 | 689119 | 1156649 | 0 |

പഞ്ചായത്തിൽ നിന്ന് ലഭ്യമായ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങളും ACR പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വ്യത്യാസമുള്ള ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17186471 | 17186471 | 16890123 | 296348 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 13334118 | 13334118 | 9317115 | 4017003 |

## 1-4 പദ്ധതി അവലോകനം

2019-20 ൽ അഴൂർ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 156207701 | 111 | 62562270 | 3 | 74 | 39 |

പദ്ധതിപ്പണം പൂർണമായും ഫലപ്രദമായും ചെലവാക്കുന്നില്ല. പദ്ധതി അടങ്കൽ തുകയായി വകയിരുത്തിയ തുകയുടെ 40.05% മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കാനായത്.

ആകെ 110 പദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം അംഗീകാരം ലഭ്യമാക്കിയിരുന്നതെങ്കിലും 21 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. 3 പദ്ധതികൾ ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. ആകെ 3,14,47425/- രൂപ വകയിരുത്തിയതിൽ 66,22,660/- രൂപ മാത്രമാണ് ചെലവഴിക്കാനായത്. പദ്ധതി ചെലവു ശതമാനം 21.06% മാത്രമാണ്.

ഹെഡ്മാസ്റ്റർ ജി.യു.പി.എസ്. 9 പദ്ധതികൾ നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 1 പദ്ധതി മാത്രമാണ് നടപ്പിലാക്കിയത്.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. 11 പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 7 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്.

കൃഷി ഓഫീസർ, അസി. എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി 2019-20ൽ അംഗീകാരം ലഭിച്ച ചുവടെ പറയുന്ന 9 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 181/20 | കിണർ റീചാർജിംഗ് എസ്.സി.വിഭാഗം | | കൃഷി ഓഫീസർ |
| 2 | 156/20 | പണ്ടാരത്തോപ്പ് ഓടനിർമ്മാണം | 7,26,000 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3 | 158/20 | വയൽതിട്ട കുളം നവീകരണം | 2,00,000 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 4 | 160/20 | മാതശ്ശേരിക്കോണം അക്കരക്കാട് റോഡ് നിർമ്മാണവും റീടാറിംഗും | 6,78,000 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 5 | 164/20 | മാതശ്ശേരിക്കോണം യു.പി.സ്കൂൾ മെയിന്റനൻസ് | 3,00,000 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 6 | 167/20 | കുഴിയം കുടിവെള്ളപദ്ധതി മെയിന്റനൻസ് | 1,50,000 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 7 | 168/20 | ഗ്രാമ പഞ്ചായത്തിന്റെ | 20,00,000 | അസിസ്റ്റന്റ് |

| | | | | |
|---|---|---|---|---|
| | | വിവിധ വാർഡുകളിൽ എം.സി.എഫ്. സ്ഥാപിക്കൽ | | എഞ്ചിനീയർ |

പ്രോജക്റ്റുകൾ സമയബന്ധിതമായും, ലഭ്യമാകുന്ന വിഹിതം പാഴാക്കാതെ പ്രയോജനപ്രദമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3064 | 1394798 | 1397862 | 865776 | 532086 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 63503670 | 63503670 | 63503670 | 0 |
| **ആകെ** | **3064** | **64898468** | **64901532** | **64369446** | **532086** |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 292920 | 312 |
| കർഷകതൊഴിലാളി പെൻഷൻ | 255600 | 68 |
| വിധവാപെൻഷൻ | 6172200 | 1752 |
| വാർദ്ധക്യകാലപെൻഷൻ | 10930800 | 3166 |
| വികലാംഗപെൻഷൻ | 1578200 | 449 |
| വിവാഹധനസഹായം | 150000 | 5 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 110400 | 33 |

**സാമൂഹ്യ ക്ഷേമ പെൻഷൻ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്**

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ രേഖകൾ, സേവന പെൻഷൻ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താക്കാൾക്ക്, മരണ ശേഷവും തുക വിതരണം ചെയ്തിട്ടുണ്ട്. 2019-20 വർഷം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്ട്രേഷൻ ചെയ്ത വ്യക്തികളുടെ ലഭ്യമായ ആധാർ രേഖകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ തുക അനുവദിച്ച ഗുണഭോക്താക്കാളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ ഐ.ഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 102400400373 | ഷീല സദാനന്ദൻ | 08.12.2018 | ഡിസബിലിറ്റി പെൻഷൻ | 04/2019 വരെ | 4500/- |
| 2 | 102400203082 | നാസിമുദ്ദീൻ | 16.12.2018 | വാർദ്ധക്യകാല പെൻഷൻ | 04/2019 വരെ | 4500/- |
| 3 | 102400601363 | ലളിത | 05.12.2018 | ദേശീയ വിധവ പെൻഷൻ | 04/2019 വരെ | 4500/- |
| 4 | 102400200679 | സത്യഭാമ | 03.12.2018 | വാർദ്ധക്യകാല പെൻഷൻ | 04/2019 വരെ | 6000/- |
| 5 | 102400202350 | ബുർഹാൻ | 25.10.2018 | വാർദ്ധക്യകാല പെൻഷൻ | 04/2019 വരെ | 6700/- |
| 6 | 102400201887 | ബഷീർ | 27.01.2019 | വാർദ്ധക്യകാല പെൻഷൻ | 04/2019 വരെ | 3400/- |
| 7 | 102400600204 | ലൈലാബീവി | 02.02.2019 | വിധവ പെൻഷൻ | 04/2019 വരെ | 2300/- |
| 8 | 101730200922 | കമലമ്മ | 29.01.2019 | വാർദ്ധക്യകാല പെൻഷൻ | 07/2019 വരെ | 9000/- |

| | | | | | | |
|---|---|---|---|---|---|---|
| 9 | 102400601153 | ഷെരീഫാ ബീവി | 19.02.2019 | വിധവ പെൻഷൻ | 04/2019 വരെ | 2300/- |
| 10 | 102400201219 | ഷംസുദ്ദീൻ | 29.11.2018 | വാർദ്ധക്യകാല പെൻഷൻ | 04/2019 വരെ | 7500/- |
| 11 | 102400203900 | അപ്പുക്കുട്ടൻ നായർ | 23.03.2019 | വാർദ്ധക്യകാല പെൻഷൻ | 04/2019 വരെ | 1200/- |
| 12 | 102400100150 | സീതമ്മ | 09.11.2018 | കർഷക തൊഴിലാളി പെൻഷൻ | 04/2019 വരെ | 5600/- |
| 13 | 102400202127 | സത്യനേശൻ | 05.02.2020 | വാർദ്ധക്യകാല പെൻഷൻ | 04/2020വരെ | 2500/- |
| 14 | 102400202127 | പുഷ്പവല്ലി | 25.01.2020 | വാർദ്ധക്യകാല പെൻഷൻ | 04/2020വരെ | 3700/- |
| 15 | 102400600231 | ഹാജറുമ്മ | 25.01.2020 | വിധവ പെൻഷൻ | 04/2020വരെ | 3700/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.30/29.10.2021 ന് ലഭിച്ച മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ സർക്കുലർ നം.63/2021/ധന തീ.02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് മരണപ്പെട്ട/അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2021, 3.30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2184/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

1) രജിസ്റ്ററുകളുടെ പരിപാലനത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

2)ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3) സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നിർവ്വഹണോദ്യോഗസ്ഥർ പാലിക്കുന്നില്ല.

4) അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ സ്ഥലപരിശോധന നടത്തി കൃത്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കാത്തത് കാരണവും, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തത് കാരണവും എസ്റ്റിമേറ്റുകൾ പുതുക്കി നിർവ്വഹണം നടത്താനിടയാകുന്നു.

5) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. അർഹരായ ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

6) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

7) വിവധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

8)പ്രൊക്വയർമെന്റ് കമ്മിറ്റി സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം തൃപ്തികരമായി പ്രവർത്തിക്കുന്നില്ല.

9)ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

10)എല്ലാ നിർവ്വഹണോദ്യോഗസ്ഥരും TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

11)ഹെഡ്മാസ്റ്റർ അംഗീകാരം ലഭ്യമാക്കിയ പദ്ധതികളിൽ ഒരെണ്ണം മാത്രമാണ് നടപ്പാക്കിയത്. പദ്ധതി നിർവ്വഹണത്തിൽ കൂടുകൽ ജാഗ്രത പുലർത്തേണ്ടതാണ്.

12) വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

13)ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.03.2021മുതൽ 17.03.2021 വരെ | 01.09.2020മുതൽ 31.12.2020 | 17.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3/2017 | 2011-12 മുതൽ 2015-16 വരെ | 28.08.2018 |

## 1-10 വസ്തു നികുതി - അപാകങ്ങൾ

**1)റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.**

2019-20 വർഷത്തെ സാംഖ്യ രസീതുകളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിലെ കളക്ഷനിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No | Ward No | Door No | Sub No | Owner Details | Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|---|
| 1 | 8 | 281 | | ഗോപകുമാർ | 800878 | 0 | 119160100647 | 20/06/2019 | 2019 | 137 |
| 2 | 13 | 292 | B | ബിനി അജേഷ് | 801533 | 0 | 119160101103 | 14/08/2019 | 2019 | 478 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 11/25.10.2021 ന് മറുപടിയിൽ ഐ.കെ.എം.ന്റെ സഹായത്തോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും തുക ഈടാക്കിനവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**2) വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ.**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**A) കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തിയില്ല**

സഞ്ചയ സോഫ്റ്റ്‌വെയറിൽ 6,14 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 6/142 | വാസവൻ | പാർപ്പിടം | 80 $M^2$ |
| 2 | 6/177 B | നാസർ | പാർപ്പിടം | 117.15 $M^2$ |
| 3 | 6/180 | രമേശൻ | പാർപ്പിടം | 95 $M^2$ |
| 4 | 14/606 | മുഹമ്മദ് ഷാഫി ഷീബ | പാർപ്പിടം | 90 $M^2$ |
| 5 | 14/581 | രാമസ്വാമി ചെട്ടിയാർ | പാർപ്പിടം | 80 $M^2$ |
| 6 | 14/500 | രാജൻ | പാർപ്പിടം | 77 $M^2$ |
| 7 | 14/486 | ബാലകൃഷ്ണൻ | പാർപ്പിടം | 70 $M^2$ |

| | | | | |
|---|---|---|---|---|
| 8 | 14/459 | ബേബി കമലം | പാർപ്പിടം | 84 $M^2$ |
| 9 | 14/423 | ശ്രീമതി | പാർപ്പിടം | 77 $M^2$ |
| 10 | 14/130 | അപ്പു സുഭദ്ര | പാർപ്പിടം | 88 $M^2$ |

**B)നികുതി നിർണയം നടത്താതെ വസ്തു നികുതി പിരിച്ചെടുത്തു.**

സഞ്ചയ സോഫ്റ്റ്‌വെയറിൽ 15 ,14 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 15/570 | അഷറഫ് | പാർപ്പിടം | 24 $M^2$ | 1890/- |
| 2 | 15/442 | അബ്ദുൾ ലത്തീഫ് | പാർപ്പിടം | 119 $M^2$ | 1875/- |
| 3 | 15/367 | സരസ്വതി | പാർപ്പിടം | 54 $M^2$ | 1560/- |
| 4 | 14/129 | ചന്ദ്രമതി രാജേന്ദ്രൻ | പാർപ്പിടം | 59 $M^2$ | 936/- |
| 5 | 14/111 | ജനാർദ്ദനൻ | പാർപ്പിടം | 54 $M^2$ | 855/- |

**C)കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ഒന്നാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
|---|---|---|---|---|---|
| 19 | 19 | 1 | 297 | 297 | 1 |
| 48 | 48 | 1 | 299 | 299 | 1 |
| 84 | 84 | 1 | 316 | 316 | 1 |
| 88 | 88 | 1 | 365 | 365 | 1 |
| 156 | 156 | 1 | 367 | 368 | 2 |
| 158 | 162 | 5 | 372 | 372 | 1 |
| 168 | 169 | 2 | 396 | 399 | 4 |
| 175 | 175 | 1 | 420 | 420 | 1 |
| 180 | 180 | 1 | 422 | 422 | 1 |
| 220 | 220 | 1 | 426 | 429 | 4 |
| 239 | 240 | 2 | 431 | 434 | 4 |
| 271 | 271 | 1 | 436 | 436 | 1 |
| 276 | 277 | 2 | 438 | 456 | 19 |
| 289 | 289 | 1 | 468 | 468 | 1 |
| 291 | 292 | 2 | 473 | 473 | 1 |
| 295 | 295 | 1 | 485 | 485 | 1 |
| | | | 490 | 497 | 8 |

| | | | Total | 78 |
|---|---|---|---|---|

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10,12,14/25.10.2021 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3)വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത.**

A)സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആദ്യ 12 വാർഡുകൾ മാത്രം പരിശോധിച്ചതിൽ മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | 2/96 | ചിത്രാംഗദൻ,ചിത്രധാര,അഴൂർ |
| 2 | 2/360 | സുധർമ്മ,പുത്തൻ വീട്,അഴൂർ |
| 3 | 3/400 | ഉഷ, പൌർണ്ണമി,അഴൂർ |
| 4 | 4/337 | സുദേവൻ സുശീല,തെങ്ങുവിളവീട്,അഴൂർ |
| 5 | 5/319 | സജിത്ത്,സലിം മൻസിൽ,കോളിച്ചിറ |
| 6 | 8/76 | ചന്ദ്രൻ നായർ,നാരായണ സദനം,മുട്ടപ്പലം, |
| 7 | 8/159 | തുളസീധരൻ നായർ,ഓമനഭവൻ, |
| 8 | 11/22 | ജലജകുമാരി,വി ജെ ഭവൻ,ചിലമ്പിൽ |
| 9 | 12/320 | രാമചന്ദ്രൻ,പാമ്പനത്തുവീട്,ചെറുമട്ടം |
| 10 | 12/401 | ലീല, പുലരിഹൌസ്,ചിലമ്പിൽ |

B)താഴെപ്പറയുന്ന കെട്ടിടത്തിന് 2019-20 സാമ്പത്തിക വർഷത്തിന് മുൻപ് വിവിധ കാലയളവിൽ വിമുക്ത ഭടന്മാരുടെ വാസഗൃഹത്തിലുൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട് . എന്നാൽ പ്രസ്തുത കാലയളവുകൾക്ക് ശേഷം കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് നടത്തുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| വാർഡ്/ കെട്ടിട നം | പേര് | വിസ്തീർണം | നികുതി ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 14/581 | രാമസ്വാമി ചെട്ടിയാർ | 80 $M^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധവർഷം വരെ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/26.10.2021 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

**4)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത**

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ

ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 3/85 | മണികണ്ഠൻ, അച്ചുഭവൻ |
| | 3/86 | |
| 2 | 14/108 | ബേബി, അജിത മന്ദിരം |
| | 14/110 | |
| 3 | 5/361 | അമിറുദ്ദീൻ, അജ്മൽ |
| | 5/362 | |
| 4 | 6/261 | തുളസീധരൻ, ഭഗവതി വിള |
| | 6/262 | |
| | 6/263 | |
| 5 | 8/204 | ഷീജ ഷാജഹാൻ, ജെ.എൻ നിവാസ് |
| | 8/205 | |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16/26.10.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**5)സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു**

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയസോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല . 2019-20 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള

വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ട്യോസ് ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, 0.സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16/25.10.2021 ന് മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്തതിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.23/27.10.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകരാണ് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കരാറുകാർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത്‌രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 949 വളർത്തുനായകൾ ഉള്ളതായും 300 എണ്ണത്തിന് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 13 വളർത്തു നായകൾക്ക് മാത്രമാണ് 2019-20 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 25/27.10.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-14 ഹരിതഭവനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | പ്രോജക്ട് -I | പ്രോജക്ട് -II |
|---|---|---|
| **പ്രോജക്ട് നം** | S0179/20 | S0044/20 |
| **പ്രോജക്ടിന്റെ പേര്** | ഹരിത ഭവനം(സ്പിൽ ഓവർ) | ഹരിത ഭവനം |
| **നിർവഹണം** | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| **അടങ്കൽ** | 773160(238000വി.ഫ,238000 ജി.പ,297160 ഉ.വി) | 545760(168000വി.ഫ,168000 ജി.പ,209760ഉ.വി) |
| **ചെലവ്** | 253980/- (238000ജി.പ+15980 ഉ.വി) | 358560/-(168000വി.ഫ,168000 ജി.പ,22560ഉ.വി)) |

മേൽ പ്രോജക്ടുകൾ പ്രകാരം കോഴിയും കൂട്ടും വാങ്ങുന്നതിനായി(10 കോഴി)തുക വകയിരുത്തുകയും അതിൻ പ്രകാരം ഒരു ഗുണഭോക്താവിന് 2250/- രൂപ വീതം 17 പേർക്ക് പ്രോജക്ട് (I) പ്രകാരവും 24 പേർക്ക് പ്രോജക്ട് (II) പ്രകാരവും തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം കോഴി വളർത്തുന്ന കൂടിന്റെ

വാല്യുവേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസീയർ എടുക്കേണ്ടതാണ്. എന്നാൽ വാല്യുവേഷൻ കൂടാതെയാണ് കോഴിക്കൂടിന് സബ്സിഡി അനുവദിച്ചു നൽകിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 40/01.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വാഴക്കൃഷി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | S0043/20 |
| പ്രോജക്ടിന്റെ പേര് | വാഴ കൃഷി |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 550000/-(വി.ഫ) |
| ചെലവ് | 550000/-(വി.ഫ) |

അംഗീകൃത പ്രോജക്ട് പ്രകാരം ജൈവവളം കർഷകർ സ്വന്തമായി വാങ്ങുന്ന സംഗതികളിൽ 50% സബ്സിഡിയാണ് അനുവദിക്കുന്നത്. എന്നാൽ പ്രോജക്ടിൽ മേൽ മാനദണ്ഡം പാലിക്കാതെ സബ്സിഡി അനുവദിച്ചു നൽകിയിട്ടുണ്ട്.

| **ഗുണഭോക്താവിന്റെ പേര്** | **ജൈവ വളത്തിന് ചെലവഴിച്ച തുക** | **അനുവദിക്കേണ്ടതുക** | **അനുവദിച്ച തുക** |
|---|---|---|---|
| ഷൈജ | 3125 | 1563 | 2000 |
| നന്ദകുമാർ പി.വി | 3000 | 1500 | 2000 |
| അജയകുമാരി | 3500 | 1750 | 2000 |
| സതി | 3500 | 1750 | 2000 |
| സന്തോഷ് | 3750 | 1875 | 2000 |
| പുഷ്പ ലത | 3750 | 1875 | 2000 |
| ഉഷാ ദേവി അമ്മ | 3500 | 1750 | 2000 |
| ഇന്ദിര | 3750 | 1875 | 2000 |
| ഷീബ | 3000 | 1500 | 2000 |
| സോഫിയ ബീവി | 3750 | 1875 | 2000 |
| പ്രമീള | 3000 | 1500 | 2000 |
| വസന്തകുമാരി | 3200 | 1600 | 2000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.40/01.11.2021 ന് ലഭിച്ച മറുപടിയിൽ പദ്ധതി രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയതിലെ പിശക് മൂലമാണ് മേൽ അപാകത സംഭവിച്ചതെന്നും സബ്സിഡി മാർഗരേഖ പ്രകാരമുള്ള നിരക്കിലാണ് തുക അനുവദിച്ചു നൽകിയതെന്നുമാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി

രൂപീകരണ വേളയിലും പ്രോജക്ട് രൂപീകരണ ഫോറത്തിലും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സബ്സിഡിയുടെ വിശദാംശംങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ ഗ്രാമസഭയിൽ അറിയിച്ച് പദ്ധതി നടത്തിപ്പിന്റെ അപേക്ഷകൾ സ്വീകരിക്കേണ്ടതുമാണ്. പദ്ധതി നടത്തിപ്പിനാവശ്യമായ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഗുണഭോക്തൃ വിഹിതം ഉൾപ്പെടെയുള്ള കൃത്യമായ വിവരങ്ങൾ പ്രോജ്കട് രൂപീകരണ വേളയിൽ തന്നെ ഗ്രാമ സഭയിൽ ചർച്ച ചെയ്യേണ്ടതാണ്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിഷയങ്ങൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

## 1-16 ജാഗ്രത സമിതി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

സ്ത്രീകളും പെൺകുട്ടികളും സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ജാഗ്രത സമിതികൾ. സ.ഉ(എം.എസ്) നം.31/07 സ.ക്ഷേ.വ തീ.23.06.2007 ഉത്തരവ് പ്രകാരമുള്ള മാർഗ നിർദ്ദേശപ്രകാരം ജാഗ്രത സമിതി യോഗങ്ങൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേർന്നിരിക്കണം(ഭാഗം 1.12.1) .എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം മൂന്ന് തവണ മാത്രമാണ് പഞ്ചായത്ത് തല ജാഗ്രത സമിതി യോഗം ചേർന്നിട്ടുള്ളത്. ഓരോ വാർഡിലെയും ഗ്രാമസഭയ്ക്ക് മുന്പായി ജാഗ്രതാ സഹായ സമിതി വിളിച്ചു കൂട്ടിയും വാർഡ് തല ജാഗ്രത സമിതി വിളിച്ചു കൂട്ടിയും വിയങ്ങൾ ചർച്ച ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സമിതികളിലെ പൊതു വിഷയങ്ങൾ എല്ലാ ഗ്രാമ സഭകളിലും ചർച്ച ചെയ്യേണ്ടതാണെന്നും മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്(ഭാഗം 1.15). എന്നാൽ മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല. കൂടാതെ ജാഗ്രത സമിതി മിനിറ്റ്സ് ബുക്കുകൾ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജാഗ്രത സമിതി ക്രോഡീകരിച്ച റിപ്പോർട്ട് എല്ലാ മാസവും അതത് ബ്ലോക്ക് സി.ഡി.പി.ഒ മാർക്ക് സമർപ്പിക്കേണ്ടതാണ്(ഭാഗം.1.23). എന്നാൽ അത്തരത്തിൽ റിപ്പോർട്ടുകൾ സമർപ്പിച്ചതിന്റേ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16/25.10.2021 ന് മറുപടിയിൽ നിലവിൽ വാർഡുകതലത്തിലുള്ള ഗ്രാമ സഭാ നടപടികൾ സജീവമായി നടത്തി വരുന്നതായി അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ജാഗ്രത സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-17 ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/28.10.2021) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിൽ നാളിതു വരെ ദുരിതാശ്വാസനധി രൂപീകരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ നിർദ്ദേശാനുസരണം ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അഴൂർ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (4/25.10.21) 2019-20 സാമ്പത്തിക വർഷം ആർജിച്ച ആസ്തി വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ

കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-19 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 5/25.10.2021) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിലെ ആസ്തി സംരക്ഷണവും ഘടക സ്ഥാപനങ്ങളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട ഘടക സ്ഥാപനങ്ങളുടെ മേലധികാരികളുടെ യോഗം ചേരാറുണ്ട് എന്ന് അറിയിച്ചു. മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 03.12.2018 ൽ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം ആസ്തി സംരക്ഷണ പദ്ധതി തയ്യറാക്കിയതു സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. ഭാവിയിൽ മേൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-20 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം, ഗ്രാമ പഞ്ചായത്തിന് സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രോക്യൂർമെന്റ് ടീം രൂപീകരിക്കേണ്ടതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2019-20വാർഷിക പദ്ധതിയുടെ ഭാഗമായി സാധന സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗം 16.01.2020ൽ മാത്രമാണ് ചേർന്നത്. പ്രോക്യൂർമെന്റ് ടീം രൂപീകരിച്ചതിന്റെ രേഖകളും ലഭ്യമല്ല. പ്രസ്തുത യോഗത്തിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുടെ വാങ്ങലുമായി ബന്ധപ്പെട്ട സപ്ലൈ ഓർഡറുകൾ അംഗീകരിക്കുക മാത്രമാണ് ചെയ്തത്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 28/28.10.2021) 2019-20 ൽ വാങ്ങലുകളുടെ സപ്ലൈ ഓർഡറുകൾ അംഗീകരിക്കുകയാണുണ്ടായത് എന്നും വാങ്ങലുകൾ സംബന്ധിച്ച് തീരുമാനമെടുക്കാൻ കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല എന്ന് അറിയിച്ചു. വരും വർഷങ്ങളിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-21 ഓഡിറ്റ് ഇംപാക്ട്- കേരളോൽസവം - മുൻകൂർ ക്രമീകരിക്കാതെ തുക നൽകി. ഓഡിറ്റ് നിർദ്ദേശാനുസരണം 5000/- രൂപ തിരികെ ഒടുക്കുവരുത്തി

പ്രോജക്ട് നം -83/20

**പ്രോജക്ടിന്റെ പേര് - കേരളോൽസവം**

**അടങ്കൽ തുക – 50000/-**

ചെലവ് തുക – 49,939/-

**ബിൽ നം, തീയതി , തുക - 4/19-20 , 19.12.2019 , 49,939/-**

**നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി**

പ്രസ്തുത പദ്ധതി പ്രകാരം 49,939/- രൂപ ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 44939/- രൂപയുടെ ചെലവു രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. 5000/- രൂപ തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയത് മേൽ ബിൽ പ്രകാരം തനത് ഫണ്ടിലേയ്ക്ക് മാറി നൽകിയിട്ടുണ്ട്.

എന്നാൽ 5000/- രൂപയുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി( നം. 44/02.11.2021) നൽകിയതിനെ തുടർന്ന് 5000/- രൂപ കോ-ഓഡിനേറ്റർക്ക് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ വിട്ടുപോയതാണ് എന്നും 03.11.2021 ലെ KL015299406202122M നമ്പർ ചെലാൻ പ്രകാരം 3064-00-911-99-ROP ഹെഡ്ഡിൽ 5000/- രൂപ തിരികെ ഒടുക്കു വരുത്തി.

**1-22 പാഥേയം - അനുബന്ധ രേഖകൾ തൃപ്തികരമായി സൂക്ഷിക്കേണ്ടതാണ്.**

പ്രോജക്ട് നം -97/20

**പ്രോജക്ടിന്റെ പേര് - പാഥേയം**

**അടങ്കൽ തുക – 99,52,200/-**

ചെലവുതുക- 182,484/-വികസന ഫണ്ട്- പൊതു വിഭാഗം

**ബിൽ നം, തുക - 2/19-20 തീയതി 18.12.2019 , 182,484/-**

23.09.2019 ൽ കൂടിയ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ സാധാരണയോഗത്തിലെ 7(3) തീരുമാനപ്രകാരം, 2019-20 ൽ ജില്ലാ ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കുന്ന പ്രസ്തുത പദ്ധതിൽ ഊണിന് നിലവിലെ 40 രൂപ സുഭിക്ഷ പദ്ധതി പ്രകാരം ലഭ്യമാകുന്ന 10 രൂപ കുറവ് വരുത്തിയ ശേഷം വരുന്ന 30 രൂപയുടെ 60% ജില്ലാ പഞ്ചായത്തും 40% ഗ്രാമ പഞ്ചായത്തും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി വകയിരുത്തി ഗ്രാമ പഞ്ചായത്തു വിഹിതം ജില്ലാ പഞ്ചായത്തിലേയ്ക്ക് നൽകുകയും നിർവ്വഹണോദ്യോഗസ്ഥൻ തുക സി.ഡി.എസുകൾക്ക് കൈമാറി പദ്ധതി നടപ്പാക്കുവാനും തീരുമാനിച്ചിരുന്നു.

പ്രസ്തുത പദ്ധതി പ്രകാരം അഴൂർ ഗ്രാമപഞ്ചായത്ത് വിഹിതമായി 182,484/- രൂപ ജില്ലാ പഞ്ചാത്തിന് മാറി നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് മേൽ കമ്മിറ്റി തീരുമാന പ്രകാരം നൽകേണ്ടിയിരുന്ന തുക 12 രൂപയാണ്(30*40%). ഫയൽ പരിശോധിച്ചതിൽ നിന്നും പദ്ധതി പ്രകാരം ആദ്യം 89 പേരുടെ ഗുണഭോക്തൃലിസ്റ്റും സപ്ലിമെന്ററി ലിസ്റ്റായി 28 പേരുടെ ലിസ്റ്റും നൽകിയതായി കാണുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ആകെ എത്ര പേർക്കാണ് മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയത് എന്നും, ഊണിന് മേൽ കമ്മിറ്റി തീരുമാനപ്രകാരമുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമാണോ നൽകിയത് എന്നും, 2019- 20 ൽ ആകെ എത്ര ദിവസത്തേയ്ക്ക് ഊണ് നൽകുന്നതിനാണ് തുക നൽകിയത്എന്നും വ്യക്തമല്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 44/02.11.2021) ലഭ്യമാക്കിയ മറുപടിയിൽ 2019- 20 ൽ ആകെ 130 ദിവസത്തേയ്ക്ക് 117 ഗുണഭോക്താക്കൾക്ക് 12 രൂപാ ക്രമത്തിൽ 1,82,520/- രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത മറുപടി സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറുമ്പോൾ ആയതിന്റെ കൃത്യത നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതും അനുബന്ധരേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-23 റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണം പൂർത്തീകരിച്ച റോഡ് പ്രവൃത്തികളിൽ ഒരു പ്രവൃത്തിയിൽ പോലും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല. എന്നാൽ 2020-21 ൽ പൂർത്തീകരിച്ച 5 പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/25.10.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 എസ്റ്റിമേറ്റുകൾ പുതുക്കി നിർവ്വഹണം നടത്തുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അഴൂർ ഗ്രാമപഞ്ചായത്തിൽ 2019-20ൽ പൂർത്തീകരിച്ച 21 പ്രവൃത്തികളിൽ ചുവടെ പറയുന്ന 9 പ്രവൃത്തികൾ എസ്റ്റമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 130/20 | കാട്ടിൽ ചരുവിള വീട് റോഡ് സൈഡ് വാൾ നിർമ്മാണം |
| 2 | 159/20 | കൊടുപ്പിൽ റോഡ് മെറ്റലിംഗ്,ടാറിംഗ്,സൈഡ് വാൾ നിർമ്മാണം |
| 3 | 182/20 | അംഗൻവാടികൾക്ക് റൂഫിംഗും മെയിന്റനൻസും |
| 4 | 147/20 | തൈക്കൂട്ടം മിച്ചഭൂമി തോപ്പിൽ റോഡ് ഓടനിർമ്മാണം & ബൈറോഡ് കോൺക്രീറ്റിംഗ് |
| | | |

| | | |
|---|---|---|
| 5 | 145/20 | മാർക്കറ്റുകളുടെ നവീകരണം *(അഴൂർ,പെരുങ്കുഴി,മുട്ടപ്പലം) |
| 6 | 143/20 | കുടുംബശ്രീ ഓഫീസിൽ ടോയ് ലറ്റ് നിർമ്മാണം |
| 7 | 157/20 | കൊട്ടാരം തുരുത്ത് കൊച്ചുതുരുത്ത് റോഡ് ഉണ്ടു പുരയിടം ഓടനിർമ്മാണം റോഡ് കോൺക്രീറ്റിംഗ് രണ്ടാം ഘട്ടം |
| 8 | 163/20 | PHCയിലെ പ്രവേശന കവാടത്തിന്റെ പുനരുദ്ധാരണവും അനുബന്ധ പ്രവൃത്തികളും |
| 9 | 202/20 | പെരുങ്കുഴി അഴൂർ മാർക്കറ്റുകളുടെ നവീകരണം |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/30.10.2021) ലഭ്യമാക്കിയ മറുപടിയിൽ വിവിധ കാരണങ്ങളാൽ പൊതുജനങ്ങളുടെ അഭിപ്രായത്തിനനുസരിച്ചും ഒഴിവാക്കാൻ കഴിയാത്തി മറ്റ് കാരണങ്ങളാലും പദ്ധതികൾ പുതുക്കി നിർവ്വഹണം നടത്തേണ്ടതായി വന്നു എന്ന് അസിസ്റ്റന്റ് അറിയിച്ചു. ഭാവിയിൽ പ്രവൃത്തികളുടെ നിർവ്വഹണം നടത്തുമ്പോൾ വിശദമായ സൈറ്റ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-25 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട്നം, പേര് | 175/20, ലൈഫ് ഭവന പദ്ധതി, എസ്.സി.പി, സ്പിൽ ഓവർ |
| അടങ്കൽ തുക | 5860000/- |
| ചെലവ് തുക | 4242760/-<br>(ബ്ലോക്ക് വിഹിതം – 1010650<br>ജില്ലാ പഞ്ചായത്ത് വിഹിതം – 252110<br>വായ്പ – 29,80,000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| ഫണ്ടിനം | 1010650 (ബ്ലോക്ക് പഞ്ചായത്ത് )<br>252110 (ജില്ലാ പഞ്ചായത്ത് )<br>4597240 (മറ്റുള്ളവ) |

മേൽ പദ്ധതി പ്രകാരമുള്ള ലൈഫ് ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയ ശേഷം വീട് പണി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | ചെക്ക് നം തീയതി |
|---|---|---|---|
| 1 | ലളിത, ഷീജ വിലാസം, ശക്തിപുരം, ശാസ്തവട്ടം പി ഒ | 40000/- | 22/18-19 ,25.11.19 |
| 2 | ഗിരിജ, ചരുവിള വീട്, പറകോണം, ശാസ്തവട്ടം പി ഒ | 40000/- | 4/19-20, 24.10.19 |
| 3 | ഷൈജ എസ്, വാറുവിളാകം, അഴൂർ | 40000/-<br>160000/- | 16/19-20 ,20.11.19<br>ചെക്ക് നം. 847055, 25.1.20 |
| 4 | സുരേന്ദ്രൻ, ചരുവിളവീട്, പറകോണം, ശാസ്തവട്ടം പി ഒ | 40000/- | ചെക്ക് നം241656, , 6.3.20 |
| 5 | ശാരദ, സ്മിത ഭവൻ,ശാസ്തവട്ടം പി ഒ | 40000/- | 12/18-19, 7.9.18 |

ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടും വീട് പണി പൂർത്തിയാക്കാത്തതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 41, 1.11.2021) വീട് പണി അടിയന്തിരമായി പൂർത്തിയാക്കണമെന്ന് അറിയിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് കത്ത് നല്കിയിട്ടുണ്ടെന്നും പണി പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും വി ഇ ഒ മറുപടി നല്കി. പ്രസ്തുത വിഷയം സംബന്ധിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ഹെഡ്മാസ്റ്റർ 9 പദ്ധതികളിൽ ഒരെണ്ണം മാത്രം നടപ്പാക്കി

ചെലവ് പത്രിക പരിശോധിച്ചതിൽ 2019 - '20 വർഷത്തിൽ ഡി.പി.സി. അംഗീകാരം ലഭിച്ച ഒൻപത്

പദ്ധതികളിൽ ഒരെണ്ണം മാത്രമേ ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു.പി.സ്കൂൾ നടപ്പാക്കിയിട്ടുള്ളൂ. പദ്ധതിയിനത്തിൽ വകയിരുത്തിയിരുന്ന തുകയുടെ ഭൂരിഭാഗവും വിനിയോഗിക്കാനായിട്ടില്ല. ഇത്തരം നടപടികൾ കാരണം വിദ്യാഭ്യാസ മേഖലയിൽ 2019-20 വർഷത്തെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി കോവിഡ് കാരണങ്ങളാണ് തടസ്സം നിന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. കോവിഡ് നിയന്ത്രണങ്ങൾ ആരംഭിക്കുന്നത് 03/2020 മുതൽ മാത്രമാണ്. ഭാവിയിൽ ഇപ്രകാരമുള്ള നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള അനാസ്ഥ ഉണ്ടാകാതിരിക്കാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകുന്നതിനു താമസം

പദ്ധതി നമ്പർ - 11

പദ്ധതിയുടെ പേര് - ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക – 5,00,000/-

ചെലവ് തുക – 5,00,000/- (മെയിന്റനൻസ് നോൺറോഡ്)

ബില്ല് നമ്പർ, തീയതി - 1/24.08.2019

ഔഷധിയുമായി ഏർപ്പെട്ട കരാറിലെ ഒന്നാം ഖണ്ഡികയിലെ നിബന്ധന പ്രകാരം കരാറിലേർപ്പെട്ട് 60 ദിവസത്തിനകം മുഴുവൻ മരുന്നുകളും വിതരണം ചെയ്യുമെന്നും, അല്ലാത്തപക്ഷം അതിന്റെ നഷ്ടോത്തരവാദിത്തം ഔഷധിക്ക് മാത്രമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, ചുവടെ വിവരിക്കും പ്രകാരമാണ് മരുന്നുകൾ വിതരണം ചെയ്തിട്ടുള്ളത്. ഔഷധിയുമായി കരാറിൽ ഏർപ്പെട്ടത് 05.09.2019 ലാണ്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | തുക | മരുന്നുകൾ വിതരണം ചെയ്ത തീയതി |
|---|---|---|---|
| 01 | 90130015/31.08.2019 | 1,11,011 | 17.01.2020 |
| 02 | 90133251/30.09.2019 | 39,969 | 06.12.2019 |
| 03 | 90136438/30.10.2019 | 1,40,921 | 30.10.2019 |
| 04 | 90137446/31.10.2019 | 1,07,476 | 06.12.2020 |
| 05 | 90141287/29.11.2019 | 61,160 | 17.01.2020 |
| 06 | 90145024/30.12.2019 | 22,329 | 17.01.2020 |
| 07 | 90149239/28.01.2020 | 15,415 | 16.03.2020 |
| 08 | 90153069/25.02.2020 | 1,722 | 16.03.2020 |

ജീവൻരക്ഷാ മരുന്നുകൾ താമസംവിനാ ലഭ്യമാകുന്നതിനുള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതുമാണ്.

## 1-28 പാലിയേറ്റീവ് കെയർ- അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.

പദ്ധതി നമ്പർ - 18

പദ്ധതിയുടെ പേര് - സാന്ത്വനം പാലിയേറ്റീവ് കെയർ (ആർദ്രം)

അടങ്കൽ തുക - 6,00,000/-

ചെലവ് തുക – 5,91,100/- (വി.ഫ.SCP 4,92,500/- തനത് ഫണ്ട് 98,600/-)

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ പി. എച്ച്. സി.

മേൽ പദ്ധതിയിൽ പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായി ഓരോ മാസവും പാലിയേറ്റീവ് രോഗികളുടെ ഗൃഹ സന്ദർശനം നടത്തുന്നതിന്റെ ഭാഗമായി ആറ് ജീവനക്കാർ 80/- രൂപ വിതം 480/- രൂപ നിരക്കിൽ പ്രതിദിനം (ഒരു മാസം 16 ദിവസം) ഭക്ഷണത്തിന് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഭക്ഷണം വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ പ്രവർത്തകർ ഭക്ഷണത്തിനായി ചെലവാക്കുന്ന തുകകൾക്ക് കൃത്യമായി ബില്ലുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഭാവിയിൽ പദ്ധതിയുടെ ചെലവ് സാധൂകരിക്കുന്ന എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## <u>1-29 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് - ഹോം കോ യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല</u>

പദ്ധതി നമ്പർ - 67

പദ്ധതിയുടെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന്

അടങ്കൽ തുക – 3,00,000/-

ചെലവ് തുക – 3,00,000/- (മെയിന്റനൻസ് നോൺ റോഡ്)

ബില്ല് നമ്പർ, തീയതി - 1/05.04.2019

ഹോംകോയ്ക്ക് മരുന്നിന്റെ വിലയായ മൂന്ന് ലക്ഷം രൂപ 05.04.2019 ൽ ഒടുക്കവരുത്തിയെങ്കിലും മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തത് 16.02.2021 ൽ മാത്രമാണ്.

| ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|
| LF - 1064 | 27.08.2020 | 39,123/- |
| LF - 1701 | 24.11.2020 | 1,38,104/- |
| LF -2245 | 16.02.2021 | 1,22.773/- |
| **ആകെ** | | **3,00,000/-** |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/2019-20, തീയതി 26.10.2021) മറുപടിയായി മരുന്ന് വിതരണം ചെയ്യുന്നത് ഒരു സർക്കാർ അംഗീകൃത സ്ഥാപനമായതിനാൽ ഹോംകോ യുമായി കരാർ വച്ചിരുന്നില്ല എന്നാണ്.

ഭാവിയിൽ മരുന്ന് വിതരണം ചെയ്യുന്ന സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതും, ജീവൻ രക്ഷാമരുന്നുകൾ താമസംവിനാ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-30 ആർദ്രം- ചെലവ് രേഖകളിൽ കൃത്യത ഇല്ല</u>

പദ്ധതി നമ്പർ- 28

പദ്ധതിയുടെ പേര് - ദേശീയ ആരോഗ്യ പരിപാടിയുടെ കീഴിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള വാടക (ആർദ്രം)

അടങ്കൽ തുക: 30,000/-

ചെലവ് തുക: 24,000/-( തനത് ഫണ്ട് )

സുലേഖ ചെലവ് പത്രിക പ്രകാരം 24,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 14,000/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ പരിശോധനയ്ക്ക് നൽകിയിട്ടുള്ളൂ. ചെലവ് രസീതുകൾ ഒന്നും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചെലവ് വൌച്ചറുകൾ പ്രകാരം മരുന്നുകളും, ജീവനക്കാരെയും കൊണ്ടു പോയതായി രേഖപ്പെടുത്തിയിരിക്കുന്ന വാഹനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (മോട്ടാർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റ് പ്രകാരം). പ്രസ്തുത വാഹനങ്ങൾ ടൂറിസ്റ്റ് ടാക്സി വിഭാഗത്തിൽപ്പെടുന്നവയല്ല. വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ കൃത്യമായ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

കെ.എൽ.18 എൻ 5400 - MARUTI SUZUKI 1000

കെ.എൽ.16 കെ 1021 - THREE WHEELER

കെ.എൽ.16 കെ 1432 - M-CYCLE/SCOOTER

## 1-31 കറവപ്പശു വളർത്തൽ - കരാറിന് വിരുദ്ധമായി കറവപ്പശുക്കളെ കൈമാറ്റം ചെയ്തു

എ) പദ്ധതി നമ്പർ - 99

പദ്ധതിയുടെ പേര് - കറവപ്പശു വളർത്തൽ (പട്ടിക വിഭാഗം വനിത)

അടങ്കൽ തുക – 11,55,000/-

ചെലവ് തുക – 3,15,000/- (വി.ഫ, SCP)

ബി)പദ്ധതി നമ്പർ - 84

പദ്ധതിയുടെ പേര് - കറവ പശു വളർത്തൽ (വനിത ജനറൽ)

അടങ്കൽ തുക – 35,20,000/-

ചെലവ് തുക – 10,17,500/-

മേൽ പദ്ധതികൾ വഴി 55000/- രൂപ വില വരുന്ന കറവപ്പശുക്കളെ ജനറൽ വിഭാഗത്തിന് 50% സബ്സിഡിയിലും പട്ടിക വിഭാഗത്തിന് 75% സബ്സിഡിയിലും നല്കിയിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ 37 പേർക്കും (37 X 27,500) പട്ടികജാതി വിഭാഗത്തിൽ 9 പേർക്കും(9 X 35,000) പശുവിനെ വിതരണം ചെയ്തിട്ടുണ്ട്. പശുക്കളെ ലഭ്യമായ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ കരാറിന് വിരുദ്ധമായി കറവപ്പശുക്കളെ കൈമാറ്റം ചെയ്തതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

കറവപ്പശു വളർത്തൽ (പട്ടിക വിഭാഗം വനിത)

| പേര് | വിലാസം | വാർഡ് |
|---|---|---|
| സുലോചന | സുഭാഷ് ഭവൻ, ബ്ലോക്ക് നമ്പർ-36,ശാസ്ത വട്ടം പി ഒ | X |
| ശോഭന | കാട്ടിൽ ചാരുവിള വീട്, കാറ്റാടിമുക്ക് | 111 |
| ലീല | സുകന്യ വിലാസം, ആയിരവില്ലിപുരം, ശാസ്ത വട്ടം പി.ഒ, പെരുങ്ങുഴി | X |
| കവിത ആർ | പുന്നവിള വീട്, കോളിച്ചിറ, അല്ലൂർ പി.ഒ | V |

കറവപ്പശു വളർത്തൽ (ജനറൽ വനിത)

| പേര് | വിലാസം | വാർഡ് |
|---|---|---|
| ബി.എസ്.ഷൈനി | ഇഞ്ചിപ്പുല്ല് വിള | VI |
| സീനത്തു ബീവി | റാസി മൻസിൽ, മരങ്ങാട്ടുകോണം | IX |
| സൈനബ | തിട്ടയിൽ വീട് | I |
| മദനബായി എസ് | ആനന്ദ ഭവനം, മുട്ടപ്പാലം പെരുങ്ങുഴി പി.ഒ. | VIII |
| വിലാസിനി | ഓമന ഭവൻ, മുടന്തിവിളാകം, പെരുങ്ങുഴി | XVI |

പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധന പ്രകാരം ഉരുക്കളെ വാങ്ങി മൂന്ന് വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ലെന്നും അപ്രകാരം ചെയ്താൽ അവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമെന്നും നിഷ്കർഷിക്കുന്നുണ്ട്. പദ്ധതിയുടെ ആനുകൂല്യം ദുരുപയോഗം ചെയ്യുന്നവരെ തുടർന്നുള്ള പദ്ധതികളിൽ പരിഗണിക്കുന്നത് ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക്( 34/29.10.21, 38/30.10.21) മറുപടിയായി, പശുക്കളെ കൈമാറ്റം ചെയ്ത മേൽ ഗുണഭോക്താക്കളിൽ നിന്ന് സബ്സിഡി തുക തിരികെ ഈടാക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പദ്ധതി ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും പശുക്കളെ കരാർ കാലയളവിൽ കൈമാറ്റം ചെയ്യുന്നില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-32 എ.ബി.സി. പ്രോഗ്രാം - അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.2,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ :36

പദ്ധതിയുടെ പേര് : എ.ബി.സി. പ്രോഗ്രാം (തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി)

അടങ്കൽ തുക : 2,10,000/-

ചെലവ് തുക : 2,10,000/- (വി.ഫ ജനറൽ)

ബില്ല് നമ്പർ, തീയതി : 1/2019- '20/16.08.2019

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

എ. ബി. സി. പ്രോഗ്രാമിന്റെ ഭാഗമായി തെരുവ് നായ്ക്കളെ വന്ധീകരിക്കുന്നതിനും തീറ്റ, ട്രാൻസ്പോർട്ടേഷൻ,മരുന്ന്, ശുശ്രൂഷ എന്നിവയ്ക്കുമായി 2,100/- രൂപ വീതം 100 നായ്ക്കൾക്കായി 2,10,000/- രൂപ കുടുംബശ്രീ ജില്ല മിഷന് കൈമാറിയിട്ടുണ്ട്. തീറ്റ , ട്രാൻസ്പോർട്ടേഷൻ, മരുന്ന്, ശുശ്രൂക്ഷ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പദ്ധതി മോണിറ്ററിംഗിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 38, 30.10.21 ) മറുപടി ഹാജരാക്കിയിട്ടുണ്ടെങ്കിലും എല്ലാ അനുബനധ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-33 വെറ്റനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

| പദ്ധതി നമ്പർ, പേര് | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | ഫണ്ട് |
|---|---|---|---|---|
| 84/2020 | കറവ പശു വളർത്തൽ (വനിത) | 35,20,000 | 10,17,500 | വികസന ഫണ്ട് |
| 99/2020 | കറവ പശു വളർത്തൽ (പട്ടിക വിഭാഗം വനിത) | 11,55,000 | 31,50,000 | എസ്.സി.പി. |
| 100/2020 | ആട് വളർത്തൽ (വനിത) | 7,20,000 | 2,84,000 | വികസന ഫണ്ട് |
| 101/2020 | ആട് വളർത്തൽ വനിതാ (പട്ടിക വിഭാഗം) | 4,32,000 | 1,92,000 | എസ്.സി.പി. |

വെറ്റനറി സർജൻ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ.

1. പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് തീരുമാനം എടുത്തതിന്റെ വിവരങ്ങൾ ഇല്ല.

2. ഗുണഭോക്താക്കൾക്ക് നൽകിയ പശുവിന്റെ വില സംബന്ധിച്ച രേഖകൾ ഇല്ല.

3. പദ്ധതി മോണിട്ടറിങ്ങ് റിപ്പോർട്ട്.

4. ഗുണഭോക്താക്കളുടെ ആദ്യ മീറ്റിംഗ് (അനുബന്ധം 5) പൂരിപ്പിച്ചിട്ടില്ല.

5. ആനുകൂല്യത്തിന് തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ മീറ്റിംഗ് (അനുബന്ധം 6) പൂരിപ്പിച്ചിട്ടില്ല.

6. പർച്ചേയ്സിംഗ്കമ്മിറ്റി യോഗം 1 (അനുബന്ധം 7) പൂരിപ്പിച്ചിട്ടില്ല.

7. പർച്ചേയ്സിംഗ് കമ്മിറ്റി യോഗം 2 (അനുബന്ധം 8) പൂരിപ്പിച്ചിട്ടില്ല.

8. ഗുണഭോക്താവും നിർവഹണ ഉദ്യോഗസ്ഥനും തമ്മിൽ ഉള്ള കരാർ വ്യവസ്ഥകൾ പൂരിപ്പിച്ചിട്ടില്ല.

9. നിർവ്വഹണ ഉദ്യോഗസ്ഥനും ഗുണഭോക്താക്കളും തമ്മിലുള്ള കരാർ (അനുബന്ധം 12 ) പൂരിപ്പിച്ചിട്ടില്ല.

10. പശുവിനെ നൽകിയ ആളുടെ സാക്ഷ്യപത്രം (അനുബന്ധം 13 A) പൂരിപ്പിച്ചിട്ടില്ല.

11. ഉരുക്കൾ ഗുണനിലവാരവും ആരോഗ്യവും ഉള്ളവയാണ് എന്നുള്ള വെറ്ററിനറി സർജൻ/വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഇല്ല.

12. പശുക്കളെ നൽകുന്ന വ്യക്തിയുടെ സാക്ഷ്യപത്രം പൂരിപ്പിച്ചിട്ടില്ല. (അനുബന്ധം 13 B )

13. രസീതി (സബ്സിഡി വിഹിതം ) - അനുബന്ധം 14 എ പൂരിപ്പിച്ചിട്ടില്ല.

14. രസീതി ( ഗുണഭോക്തൃ വിഹിതം ) പൂരിപ്പിച്ചിട്ടില്ല.

അപേക്ഷകരുടെ വിവരങ്ങൾ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി വിവരങ്ങൾ എഴുതി പൂർത്തിയാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃത്യമായ വിവരങ്ങൾ ഫയലിൽ ചേർക്കേണ്ടതും സബ്സിഡി നിബന്ധനകൾ പാലിച്ചുകൊണ്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി തുക |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 2019-20 | 299250 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 299250 | 0 |
| | | | 42500 (Direct) | കേദാരം (നെൽകൃഷി വികസനം ഒന്നാം വിള) | 42500 | 0 |
| | | | 43200 (Direct) | കിണർ റീചാർജ്ജിംഗ് | 43200 | |
| | | | 28277 (Direct) | ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി | 28277 | 0 |
| | | | 168000 (Direct) | ഹരിതഭവനം | 168000 | 0 |
| | | | 110730 | ലൈഫ് (എസ്.സി.) | 110730 | 0 |
| | | | 252110 | ലൈഫ് (എസ്.സി.) | 252110 | 0 |

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി തുക |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 8500 | 2019-20 | 299250 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 299250 | 0 |
| | | 2019-20 | 42500 | കേദാരം (നെൽകൃഷി | 42500 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വികസനം ഒന്നാം വിള) | | |
| | | 2019-20 | 51000(Direct) | കേദാരം (നെൽകൃഷി വികസനം രണ്ടാം വിള) | 51000 | 0 |
| | | 2018-19 | 190080 | കിണർ റീചാർജിംഗ് | 15840 | 174240 |
| | | 2019-20 | 400000<br>74033(Direct) | ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി | 400000<br>74033<br>(Direct) | 0 |
| | | 2019-20 | 300000 | പകൽവീട് നടത്തിപ്പ് അഴൂർ | 299080 | 920 |
| | | 2019-20 | 1244470 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 1244470 | 0 |
| | | 2019-20 | 680000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 680000 | 0 |
| | | 2019-20 | 600000 | കോളിച്ചിറ പണ്ടാരവിള ലക്ഷംവീട് കോളനിയിലെ വീടുകളുടെ പുനരുദ്ധാരണം | 520000 | 80000 |
| | | 2018-19 | | ലൈഫ് ഭവന പദ്ധതി (എസ്.സി. വിഭാഗം) | 1010650 | 0 |
| | | 2019-20 | 50400 | കിണർ റീചാർജിംഗ് | 50400 | 0 |
| | | 2018-19 | 70400 | കിണർ റീ ചാർജിംഗ് എസ്.സി. വിഭാഗം | 0 | 70400 |
| ആകെ | 8500 | | 5012783 | | 4687223 | 325560 |

* സുലേഖ ചെലവ് പത്രികയിൽ 42500/- രൂപയുടെ ചെലവ് വന്നിട്ടില്ല. സുലേഖ പ്രകാരമുള്ള ആകെ ചെലവ് 46,44,723/- രൂപയാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (3/20) | 1,74,793 | 0 | 1,74,793 |
| KSEB | നാലാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (69/20) | 36,890 | 0 | 36,890 |
| KSEB | സ്ട്രീറ്റ് മെയിൻ | 108914 | 0 | 108914 |

| | | | |
|---|---|---|---|
| ദീർഘിപ്പിക്കൽ (152/20) | | | |
| **ആകെ** | **3,20,597** | **0** | **3,20,597** |

മുൻ ബാക്കി 3,25,311/- ഉൾപ്പെടെ ബാക്കി 6,45,908/-

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

**ഇല്ല.**

## 4-4 വായ്പ/വായപാ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തെ വായ്പാ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | G.O. (MS)68/18 തീയതി 18.05.18 | 2,08,00,000 | 1,03,40,000 | 3,11,40,000 | 17,79,411 | 2,93,60,589 |

## 4-5 സ്ഥിര നിക്ഷേപം

| FD നമ്പർ | തുക | പലിശ നിരക്ക് | കാലാവധി |
|---|---|---|---|
| 1057521 | 7,84,252 | 5.25% | 10.06.2021 മുതൽ 10.06.2022 വരെ |

വാർഷിക ധനകാര്യ പത്രിക പ്രകാരം 2019-20 ൽ 7,33,575/- രൂപയാണ് സ്ഥിരനിക്ഷേപം. സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 7,33,575/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല. 7,84,252/-രൂപ നിലവിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ളതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

**ഇല്ല.**

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

**ഇല്ല.**

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

**ഇല്ല.**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 1,10,93,650 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,07,56,701 |
| ആകെ | 9,18,50,351 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,09,20,501 |
| നീക്കിയിരിപ്പ് | 1,09,29,850 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,10,000/- |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(സി). <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക | തുക | ഉത്തരവാദിയുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 2,10,000/- | ഡോ.സുനിൽ വിൽസൻ, വെറ്റിനറി സർജൻ |

**(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018 തീയതി 05.06.2018 | 2 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018 തീയതി 05.06.2018 | 5 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018 തീയതി 05.06.2018 | 7 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018 തീയതി 05.06.2018 | 1 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018 തീയതി 05.06.2018 | 1 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018 തീയതി 05.06.2018 | 5 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 853/2018 തീയതി 05.06.2018 | 4 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 761/2017 തീയതി 20.04.2017 | 9 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 761/2017 തീയതി 20.04.2017 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 8/ 201/2019 തീയതി 30.04.2019/29.05.2019 | 26 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി .8/65/2020 തീയതി 01.12.2020 | 11 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്